TGM 8th Year of Publishing

catch us on f teamtgm.in

# ടോപ്ഗിയർ

DECEMBER 2011 Rs:40 Vol VIII No:9 www.teamtgm.in The No.1 Automobile Magazine in Malayalam

DRIVEN

## AESTHETIC EVOQUE



CARS & BIKES of 2012

പുതിയ പംക്തി
**മോഡിഫിക്കേഷൻ**

ആർക്കിടെക്ട് ശങ്കറിന്റെ
**കാർ യാത്രകൾ**

ഉമ്മന്മാർക്ക് പുലിക്കന്റെ
**സങ്കട ഹർജി**

BUDDH SMILES

TEST DRIVE
SKODA RAPID

TEST RIDE
HERO IMPULSE

TRAVELOGUE
GREAT ESCAPE







ടോപ്ഗിയർ
**December 2011** Vol VIII No 9

**Managing Editor:** S. Sreekumar

**Consulting Editors:** Baby Ben Mathew, Reesh Moorhook, Honi Musthafa

**Associate Editor:** Linoj Mane

**Chief Correspondent:** Noufal Ahammed

**Sub Editor:** T. S. Ajeesh

**Correspondent:** Adv. Davis Chirammel

**Overseas Correspondent:**
Sreejith John Thodikkaran (Canada)

**Photographers:** Lenin S. Lankayil, Om Kumar, Samson P. Samuel, Prasanth Kumar

**Design:** Murukesh Thulasiram

**Design Consultant:** R Santh, Anoob

**Director(Operations):** Jayasurya Mampotta

**Director(Business Developt):**
Manesh John Oommen

**G.M (Operations):** Sreejith S

**Manager (Accounts):** Santhosh Kumar U. P.

**Manager (Marketing):** Anish Sebastian

**Manager (Administration):**
Arunkumar P

**Marketing Co-ordinator:** Anub S

**Manager- (Business Developt):**
Sudhakaran T. P.

**Asst. Manager- sales:** Sambhu Prasad H

**Sr. Executive-Accounts:** Krishna Ram P. S

**Executives -Business Developt.:**
Balakrishnan V, Binu R

**For Subscription, Contact:**
0484 - 4010477

**For Advertisement, Contact:**
+91 8129067474

**Editorial & Business Office:**
Information Indus Publishers,
House No. 119, Canal Road, Girinagar,
Kadavanthra P.O, Kochi-682 020.
Ph: 0484 4010577, 4010677

www.teamtgm.in
e-mail: topgearmag@gmail.com



The publisher makes every effort to ensure that the magazine's contents are correct. However he can accept no responsibility for any effects from errors or omissions. All material published in TOPGEAR is copyright and unauthorised reproduction is forbidden.



Printed, Published, Edited and Owned by S. Sreekumar, Harisree, Cheruppilly Road, Azad Road, Kaloor, Kochi - 682017.
Published from TopGear, Information Indus Publishers, 37/3771B, Ponoth Road, Kaloor, Kochi - 682 017
and Printed at Maya Printers, SN Complex, Main Road, Eroor PO, Tripunithura.
This magazine contains 72 pages including both covers.


Editor's **firstgear**

# ഒക്ടോബറിന്റെ നഷ്ടം

ഇന്ത്യൻ വാഹന വ്യവസായത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ പതിനൊന്ന് വർഷത്തിനിടയിലെ ഏറ്റവും മോശമായ മാസമായിരുന്നു ഇക്കഴിഞ്ഞ ഒക്ടോബർ. കാർ വിൽപനയിൽ 24 ശതമാനത്തോളം കുറവാണ് ഒക്ടോബറിൽ രേഖപ്പെടുത്തിയത്. 2010 ൽ ഇതേ മാസം 1,82,114 കാറുകൾ വിറ്റപ്പോൾ ഈ വർഷം 1,38,521 എണ്ണം മാത്രമേ വിറ്റു പോയുള്ളൂ. 2000 ഡിസംബറിനു ശേഷമുള്ള ഏറ്റവും കുറഞ്ഞ വിൽപന നിരക്കാണിത്.

ജൂണിലും(15.8%) ഓഗസ്റ്റിലും(10.1%) സെപ്റ്റംബറിലും(1.8%) ഇതുതന്നെയായിരുന്നു സ്ഥിതി. ഉത്സവ സീസണായ ഒക്ടോബറിലും വിൽപനയിലുണ്ടായ ഇടിവ് ആശങ്കയോടെയാണ് വാഹന വ്യവസായ ലോകം അഭിമുഖീകരിച്ചത്. രാജ്യത്തിന്റെ പൊതു സാമ്പത്തിക സാഹചര്യം അനുകൂലമല്ലാത്ത സ്ഥിതിക്ക് ഉടനെയൊന്നും കാര്യങ്ങൾ മെച്ചപ്പെടില്ലെന്നാണ് സൂചനകൾ. ഈ സാമ്പത്തിക വർഷം 16- 18% വിൽപന വളർച്ചയായിരുന്നു സൊസൈറ്റി ഓഫ് ഇന്ത്യൻ ഓട്ടോമൊബൈൽ മാനുഫാക്ച്ചറേഴ്സും പ്രവചിച്ചിരുന്നത്. എന്നാൽ ഇത് 2-4% മാത്രമായി ചുരുങ്ങിയേക്കാമെന്നാണ് സംഘടനയുടെ ഏറ്റവും പുതിയ വിലയിരുത്തൽ.

രൂപയുടെ മൂല്യത്തിലുണ്ടാവുന്ന തുടർച്ചയായ ഇടിവും ആർബിഐ പലിശ നിരക്ക് വർദ്ധിപ്പിച്ചതുമാണ് തിരിച്ചടികൾക്ക് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഇതെഴുതുമ്പോൾ 52.50 രൂപയാണ് യുഎസ് ഡോളറിന്റെ വിനിമയ നിരക്ക്. രൂപയുടെ മൂല്യത്തകർച്ച അനുബന്ധ ഘടകങ്ങളുടെ ഇറക്കുമതി ചെലവേറിയതാക്കും. സ്വാഭാവികമായും വാഹനം വാങ്ങുന്നവരിലേക്കാവും അധിക ഭാരം വന്നു വീഴുക. ഇക്കാര്യത്തിൽ വാഹന നിർമ്മാതാക്കളെ കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ല. പ്രതിവർഷം 8000 കോടി രൂപയുടെ ഇറക്കുമതിയാണ് മാരുതിക്ക് വേണ്ടി വരുന്നത്. അതുകൊണ്ട് തന്നെ മാർജിനിൽ ഉണ്ടാകുന്ന കുറവ് ഏറെക്കാലം സഹിക്കാൻ അവർക്കാവുകയില്ല. പ്ലാന്റുകളുടെ സമരം മൂലം ഉൽപാദനം കുറഞ്ഞതിന്റെ ക്ഷീണത്തിൽ നിന്ന് മാരുതി ഇനിയും കരകയറിയിട്ടില്ലെന്നതും ഓർക്കണം. ഒക്ടോബറിലെ വിൽപനയിടിവിൽ ഏറ്റവും വലിയ നഷ്ടം മാരുതിക്കായിരുന്നുവല്ലോ. 50 ശതമാനത്തോളം കുറവ് മാരുതികാറുകളുടെ വിൽപനയിൽ ഇക്കാലയളവിലുണ്ടായി.

കുനിന്മേൽ കുരുവെന്നപോലെ, രൂപയുടെ മൂല്യത്തകർച്ച എണ്ണക്കമ്പനികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകുകയാണ്. രാജ്യാന്തര വിപണിയിൽ എണ്ണവില ചാഞ്ചാട്ടം കുറഞ്ഞിട്ടും നഷ്ടം വർദ്ധിക്കുന്ന അവസ്ഥ. പെട്രോൾ വിലയെയാണിത് ബാധിക്കുക. ഡീസൽ വിൽപനയിലെ നഷ്ടം ഇപ്പോഴും സർക്കാരിന്റെ തലയിലാണല്ലോ.

പ്രഥമ ഇന്ത്യൻ ഫോർമുലവൺ ഗ്രാന്റ് പ്രീ യാഥാർത്ഥ്യമായതും ഒക്ടോബറിൽത്തന്നെയായിരുന്നു. അത് ഉയർത്തിയ ആവേശത്തിന്റെ തിരപ്പൊലികൾ കെട്ടടങ്ങും മുൻപാണ് ഇതൊക്കെ എഴുതേണ്ടി വന്നത്. അതിൽ ദുഃഖമുണ്ട്. എങ്കിലും, യാഥാർത്ഥ്യത്തിനു നേരെ കണ്ണടച്ചിട്ടു കാര്യമില്ലല്ലോ. അടുത്ത ജനുവരിയിൽ നടക്കുന്ന ഡൽഹി ഓട്ടോ എക്സ്പോ, വരാനിരിക്കുന്ന വർഷത്തിന് പുത്തനുണർവ് പകരുന്ന പ്രതീക്ഷയോടെ,




എസ്. ശ്രീകുമാർ
മാനേജിങ് എഡിറ്റർ
snkima31@gmail.com



# കാർവീട്

**ആർക്കിടെക്റ്റ് ശങ്കർ എഴുതുന്നു; അദ്ദേഹം സ്വന്തം വീടുകൾ പോലെ കരുതുന്ന കാറുകളേയും യാത്രകളേയും അപകടങ്ങളേയും കുറിച്ച്**

തയ്യാറാക്കിയത്: **രാജേഷ് ചന്ദ്രൻ**

ഇപ്പോൾ കുറേ വർഷങ്ങളായി ഞാൻ കാറോടിക്കാറില്ല. വണ്ടിയോടിക്കുമ്പോൾ മറ്റുപല കാര്യങ്ങളിലേക്കും മനസ് വഴുതിപ്പോകും. ഈ അശ്രദ്ധ മൂലം രണ്ടു തവണ അപകടമുണ്ടായി. അതിനുശേഷം ഡ്രൈവറെ വച്ചാണ് വാഹനമോടിക്കുന്നത്. അതുകൊണ്ടു തന്നെ വാഹനവുമായി ബന്ധപ്പെട്ട എന്റെ ഇപ്പോഴത്തെ ജീവിതം ഒരു സഞ്ചാരിയെന്ന നിലയിൽ മാത്രമാണ്.

ഞാൻ സഞ്ചരിക്കുന്ന വണ്ടികൾ എന്നെ സംബന്ധിച്ചിടത്തോളം എന്റെ വീടുകൾ തന്നെയാണ്. ജീവിതത്തിൽ ഒരുപാടു സമയം സഞ്ചരിച്ചുകൊണ്ടേയിരിക്കുന്ന ആളാണ് ഞാൻ. സഞ്ചാരങ്ങൾ എന്നെ വിസ്മയകരമായ കുറേ പുതിയ ലോകങ്ങളിൽ കൊണ്ടെത്തിച്ചിട്ടുണ്ട്. സഞ്ചാരങ്ങൾ തുടരുവാൻ ഞാനാഗ്രഹിക്കുന്നു. ജോലിയുടെ ഭാഗമായി ലോകത്തിന്റെ പല ഭാഗത്തും സഞ്ചരിക്കേണ്ടി വന്നിട്ടുള്ളത് ഒട്ടേറെ സഞ്ചാരാനുഭവങ്ങൾ തന്നിട്ടുണ്ട്.

നമ്മുടെ നാട്ടിൽ കഴിഞ്ഞ പത്തിരുപത്തു വർഷമായി ഞാൻ വണ്ടി ഉപയോഗിക്കുന്നുണ്ട്. സൈക്കിളിന്റെ പിന്നിലിരുന്നു സഞ്ചരിച്ചാണ് ഞാൻ എന്റെ ഔദ്യോഗികജീവിതം ആരംഭിക്കുന്നത്. അറുപതുകളിലിറങ്ങിയ ഫിയറ്റിന്റെ സൂപ്പർ സെലക്ട് ആയിരുന്നു ഞാൻ വാങ്ങിയ ആദ്യത്തെ കാർ. അതിന്റെ വാതിൽ പിന്നോട്ടാണ് തുറക്കുന്നത്. മുന്നിലാണ് ഹാൻഡിൽ. അതായിരുന്നു എന്റെ പ്രിയപ്പെട്ട കാർ. പിന്നീട് ഒരു അംബാസഡർ വാങ്ങി. ദീർഘകാലം എന്റെ സന്തതസഹചാരിയായിരുന്നു ആ കാർ. പത്തു വർഷം അംബാസഡർ ഉപയോഗിച്ചശേഷമാണ് ഞാൻ മറ്റു കാറുകളിലേക്കു തിരിയുന്നത്. വേഗത ശരിയാകുന്നില്ലെന്നു തോന്നിയപ്പോഴാണ് ഞാനതു മാറ്റിയത്. വേഗത്തിലുള്ള സഞ്ചാരം എനിക്കാവശ്യമാണ്. നൂറുകൂട്ടം കാര്യങ്ങൾ മുൻകൂട്ടി കണ്ടിട്ടാണ് ഞാൻ യാത്ര തുടങ്ങുന്നത്. വേഗതയില്ലാതെ ആരെങ്കിലും ഡ്രൈവുചെയ്താൽ ഞാൻ അസ്വസ്ഥനാകും.

കെട്ടിടത്തിന്റെ ഉൾത്തളങ്ങളിൽ ആയുസ്സിന്റെ നല്ലൊരു ഭാഗം ചെലവാക്കുന്ന വ്യക്തിയാണ് ഞാൻ. അതുകൊണ്ടുതന്നെ വളരെ സ്പേഷ്യസ് ആയ വണ്ടിയാണ് എനിക്കാവശ്യം. എന്റെ വായനയും ആഹാരം കഴിക്കലും ഉൾപ്പെടെയുള്ള പല കാര്യങ്ങളും നടത്തുന്നത് യാത്രക്കിടയിൽ കാറിലാണ്. അങ്ങനെ അംബാസഡർ വിറ്റശേഷം റെനിസ്സയിൽ നിന്ന് ഒരു ടാറ്റ സിയേറ വാങ്ങി. ലാഭകരമായി കിട്ടിയ സെക്കൻഡ് ഹാൻഡ് വണ്ടി. അതിന്റെ പിന്നിൽ ഡോറില്ലാത്തതിനാൽ സീറ്റു മടക്കി വേണം കയറുകയും ഇറങ്ങുകയും എല്ലാം ചെയ്യാൻ. കുറച്ചുകാലം കഴിഞ്ഞപ്പോൾ ഇതൊരസൗകര്യമായി തോന്നി. അങ്ങനെ സിയേറ ഉപേക്ഷിച്ചു. പിന്നീട് ഫിയറ്റ് സിയന്നയും ഫോർഡ് ഐക്കണും വാങ്ങി. അതുകഴിഞ്ഞു വാങ്ങിയ സ്കോർപ്പിയോ ദീർഘകാലം ഉപയോഗിച്ചു. പിന്നെ സൈലോയിലേക്കു മാറി. ഇപ്പോൾ അതാണുപയോഗിക്കുന്നത്.

എന്റെ കുടുംബപരമായ ആവശ്യത്തിനും ഭാര്യക്ക് ഓടിക്കുന്നതിനും വേണ്ടി രണ്ടു കാറുകൾകൂടിയുണ്ട്. ദീർഘദൂരയാത്ര ചെയ്തു വരുമ്പോൾ ക്ഷീണമുണ്ടാകാൻ പാടില്ലെന്നതാണ് വാഹനങ്ങൾ തിരഞ്ഞെടുക്കുന്നതിലെ എന്റെ പോളിസി. നിരന്തരം ദീർഘദൂരം യാത്രചെയ്യുമ്പോൾ എ.സി കാറില്ലാതെ പറ്റില്ല. വർക്ക് സൈറ്റുകളിൽ വെയിലത്തു നിൽക്കാനുള്ള ഊർജ്ജം യാത്രയിൽ നഷ്ടമാകാൻ പാടില്ല.

വായിക്കാനും ഭക്ഷണം കഴിക്കാനും ലാപ്ടോപ്പും മറ്റും വച്ച് ജോലി ചെയ്യാനും അത്യാവശ്യം കിടന്നുറങ്ങാനുമുള്ള സൗകര്യം എനിക്ക് കാറിൽ വേണം. പുസ്തകങ്ങളും ഫയലുകളും വയ്ക്കാൻ സൗകര്യംവേണം. ഗ്ലാസും പ്ലേറ്റും വയ്ക്കാൻ സ്ഥലം വേണം. വലിയ ഷീറ്റ് പേപ്പറുകൾ നിവർത്തി നോക്കാനൊക്കണം. ചിലർ സമാധിയിലെന്നവിധത്തിലാണ് യാത്ര ചെയ്യുന്നത്. ഞാൻ കാഴ്ചകൾ കണ്ട് യാത്രചെയ്യാൻ ഇഷ്ടപ്പെടുന്നയാളാണ്. അത് ലാൻഡ്സ്കേപ്പുകൾ മാത്രമല്ല. കടന്നുപോകുന്ന മുഖങ്ങൾ. അവരുടെ ഭാവങ്ങൾ, തത്രപ്പാടുകൾ... ഇങ്ങനെ ക്യാൻവാസ് മാറുന്നത് കണ്ട് യാത്ര ചെയ്യുന്നത് വല്ലാത്തൊരനുഭവമാണ്. യാത്ര എന്നെ ഒരിക്കലും ബോറടിപ്പിക്കാറില്ല.

ആർക്കിടെക്ട് എന്ന നിലയിൽ കാഴ്ചയുടെ സൗന്ദര്യം ഒരു വലിയ പ്രശ്നമാണ്. വാഹനങ്ങൾ തിരഞ്ഞെടുക്കുമ്പോൾ ഉള്ളിലെ സൗകര്യങ്ങൾക്കൊപ്പം വാഹനത്തിന്റെ പുറമേയുള്ള സൗന്ദര്യവും വലിയൊരു ഘടകമാണ്. ചില വണ്ടികൾ ഉത്തമമായ അകത്തളങ്ങളുള്ളവയാണ്. എന്റെ ആവശ്യങ്ങളെല്ലാം

നിറവേറാനുള്ള സൗകര്യം ഉണ്ട് ഇന്നോവ കാറിന്. പക്ഷെ, അതിന്റെ ആകൃതി കാണുമ്പോൾ മനംപിരട്ടലുണ്ടാകും.

സമീപകാലത്ത് ഞാൻ കണ്ട വശ്യസൗന്ദര്യമാർന്ന കാറാണ് ഹ്യുണ്ടായ് വെർണയുടെ പുതിയ മോഡലായ ഫ്ളൂയിഡിക്. കാഴ്ചയിൽ വളരെ പരുക്കനായ വണ്ടികളും എനിക്കിഷ്ടമാണ്. സ്കോർപ്പിയോ ഇക്കാര്യത്തിൽ എന്നെ തൃപ്തിപ്പെടുത്തിയിരുന്നു. പുരുഷസൗന്ദര്യമുള്ള വണ്ടിയാണത്.

ജീവിതത്തിലെ അക്ഷമയുടെ ഭാഗമാകാം ഇപ്പോൾ എല്ലാം ഓട്ടോമാറ്റിക്കായ വണ്ടികളോടാണ് പ്രിയം. പവർ വിന്റോ, പവർ സ്റ്റിയറിംഗ്, ഓട്ടോമാറ്റിക് ഗിയർ സിസ്റ്റം. അങ്ങിനെയാണ് ഞാൻ സ്കോഡ സൂപ്പർബ് വാങ്ങിയത്. അതൊരു സൗകര്യമാണ്. ഓട്ടോമാറ്റിക് ഗിയറിലിട്ടാൽ അതങ്ങു പോയ്ക്കൊള്ളും. കപ്പലിൽ പോകുന്നപോലെ ഒഴുകി നീങ്ങുന്ന വണ്ടി. പവറുണ്ട്. വേഗത്തിലെത്തിക്കും.

തിരുവനന്തപുരത്ത് നിന്ന് 5.50ന് പുറപ്പെടുന്ന വണ്ടി കൃത്യം ഏഴു മണിക്ക് ഒരു പോയിന്റ് കടന്നുപോകണമെന്നു ഞാൻ കരുതിയാൽ അതു നടന്നിരിക്കണം. മനസ്സിനുള്ളിൽ വേഗത്തെപ്പറ്റി ഒരു കണക്കുകൂട്ടലുണ്ട്. ഒറ്റയ്ക്കു ഡ്രൈവു ചെയ്യുകയായിരുന്നെങ്കിൽ അതിനു സാധിക്കുമോ എന്നെനിക്കു സംശയമുണ്ട്. കാരണം ഉൽക്കണ്ഠാകുലനായ ഒരു മനുഷ്യനാണ് ഞാൻ. അപകടമൊക്കെ മുന്നിൽ കാണുന്നതിന്റെ പ്രശ്നമാണ്. ഏതു ഡ്രൈവറും ആദ്യം കടന്നുവരുമ്പോൾ എനിക്കു പ്രശ്നമാണ്. ഒരു ഡ്രൈവറുടെ മികച്ച യോഗ്യതയായി ഞാൻ കാണുന്നത് അയാൾ ഡ്രൈവു ചെയ്യുമ്പോൾ എനിക്ക് ഉറങ്ങാൻ കഴിയണമെന്നതാണ്. ഞാൻ പറയുന്ന സമയത്ത് എന്നെ ലക്ഷ്യസ്ഥാനത്തെത്തിക്കാൻ എന്റെ ഡ്രൈവർമാർക്ക് കഴിയുന്നുണ്ട്.

എന്റെ ഭാര്യ നല്ലൊരു ഡ്രൈവറാണ്. ഭാര്യ ഡ്രൈവുചെയ്യുമ്പോൾ എനിക്കു വല്ലാത്തൊരു സമാധാനത്തോടെ കാറിലിരിക്കാൻ പറ്റും. നല്ല സൂക്ഷ്മതയുണ്ട്. നല്ല വേഗതയുണ്ട്. വാഹനത്തിന്റെ കാര്യത്തിൽ വല്ലാത്തൊരു താൽപര്യം അവർക്കുണ്ട്. വീട്ടിൽ വരുന്നവരാരെങ്കിലും ഒരു വണ്ടികൊണ്ടിട്ടാൽ അതെടുത്തൊന്ന് ഓടിച്ചുനോക്കുന്നത് ഭാര്യയുടെ ശീലമാണ്. ഇതുവരെ ദൈവാനുഗ്രഹംകൊണ്ട് അപകടമൊന്നും ഉണ്ടായിട്ടില്ല. എന്നെയും മോനെയും സ്നേഹിക്കുന്നപോലാണ് ഭാര്യ തന്റെ കാറിനെയും സ്നേഹിക്കുന്നത്. നിങ്ങൾ ചെരുപ്പിട്ടാണ് കാറിൽ കയറുന്നതെങ്കിൽ അതിനുമുമ്പ് കാറിൽ പേപ്പർ വിരിക്കാതെ കയറാൻ സമ്മതിക്കില്ല. ഞാനൊക്കെ വിയർത്തുവന്നാൽപോലും കാറിൽ കയറ്റില്ല. സിഗററ്റു വലിച്ചിട്ടു വരുന്നവരെ വണ്ടിയിലേക്ക് അടുപ്പിക്കില്ല. കാറിലിരുന്നെങ്ങാനും സിഗററ്റ് കത്തിച്ചാൽ പിന്നെ വഴക്കാകും. എന്റെ ചില സുഹൃത്തുക്കളൊക്കെ വരുമ്പോൾ എനിക്കു വല്ലാത്ത ബുദ്ധിമുട്ടാണ് ഇക്കാര്യത്തിൽ. കാറിനകത്ത് അത്തരത്തിലൊരു മണംപോലും തങ്ങിനിൽക്കാൻ പാടില്ല. സീറ്റുപോലും നന്നായി കഴുകിയിട്ടേ അവർ വണ്ടി ഉപയോഗിക്കൂ. ഫോർഡ് ഫിയസ്റ്റയാണ് ഇപ്പോൾ അവരുപയോഗിക്കുന്ന കാർ.

പൂജപ്പുര മുടവൻമുകളിലേക്ക് ഒരൊഴിഞ്ഞ റോഡിലൂടെ സൂപ്പർ സെലക്ടിൽ പോകുമ്പോഴാണ് ആദ്യത്തെ അപകടമുണ്ടാകുന്നത്. വണ്ടിയുടെ കുഴപ്പമൊന്നുമല്ല. എതിർവശത്തു കൂടി ഒരു ഓട്ടോറിക്ഷക്കാരൻ വരുന്നുണ്ട്. ഓട്ടോറിക്ഷക്കാരൻ വരുമ്പോഴേക്കും കാറിന്റെ മെക്കാനിക്കൽ സിസ്റ്റവുമായുള്ള എന്റെ മാനസികബന്ധം വിട്ടുപോയി. അതിലേക്കു തിരിച്ചുവന്ന് ബ്രേക്ക് ചവിട്ടപ്പോഴേക്കും ഇടി നടന്നുകഴിഞ്ഞു. ഞാനങ്ങോട്ടു ചെന്നിടിക്കുകയായിരുന്നു. മനസ്സിന്റെ വളവുപോലെ വണ്ടിയും വളഞ്ഞുപോകും. ഇങ്ങനെ രണ്ടപകടം നടന്നു. എന്റെ കയ്യൊക്കെ ഒടിഞ്ഞതല്ലാതെ വേറെ വലിയ പ്രശ്നമൊന്നുമുണ്ടായില്ല. അതേസമയം ഞാനില്ലാത്ത സമയത്ത് എന്റെ ഒരു ക്വാളിസ് വാൻ മുപ്പതടി താഴ്ചയിലേക്കു മറിഞ്ഞിട്ടുണ്ട്. കാഞ്ഞങ്ങാട്ടുവച്ച് നാലുതവണ കരണം മറിഞ്ഞാണ് വണ്ടി താഴ്ചയിലേക്കു പതിച്ചത്. ഭാര്യയും മകനും ഡ്രൈവറുമായിരുന്നു വണ്ടിയിലുണ്ടായിരുന്നത്. ആർക്കും ഒരു പോറലുപോലുമേറ്റില്ല. കാർ തകർന്നുപോയി. മൂന്നുമുക്കാൽ ലക്ഷം രൂപ വേണ്ടിവന്നു വണ്ടി നന്നാക്കിയെടുക്കാൻ.

വൈലോപ്പിള്ളി സംസ്കൃതിഭവനിൽ ഒരിക്കൽ ഉമ്പായിയുടെ ഗസൽ കേൾക്കാൻ





പോയതായിരുന്നു. രണ്ടു പാട്ടുകൾക്കിടയിൽ ലഭിച്ച സമയത്ത് സൈലോയുടെ പിന്നിൽ സൂക്ഷിച്ചിരുന്ന പുസ്തകം എടുക്കാനായാണ് ഞാൻ ചെന്നത്. ഡോർ തുറന്നപ്പോൾ മൊബൈലിൽ ഒരു കോൾ വന്നു. പിൻവാതിൽ തുറന്നുപിടിച്ച് ഞാൻ മൊബൈലിൽ സംസാരിച്ചുനിൽക്കെ ഡ്രൈവർ മുൻവശത്തെ ഡോർ തുറന്നടച്ചു. ഒപ്പം ഓട്ടോമാറ്റിക്കായി പിൻവശത്തെ ഡോറും അടഞ്ഞു. എന്റെ വലതുകയ്യിലെ രണ്ടുവിരലുകൾ ഡോറിനിടയിൽപെട്ട് ഞെരുങ്ങി. പ്രാണൻപോകുന്ന വേദനയായിരുന്നു ആദ്യം. ഒരു തരത്തിലും വിരൽ എടുക്കാൻ വയ്യ. അപ്പോഴാണറിയുന്നത് വണ്ടിയുടെ താക്കോൽ അകത്തുവച്ചാണ് ഡ്രൈവർ ഡോറടച്ചതെന്ന്. മുൻവശത്തെ ഡോറടച്ചതോടെ സകല ഡോറും ലോക്കുവീണ് സ്റ്റക്കായിപ്പോയി. ഏതാണ്ട് ഒരു മണിക്കൂറോളം സ്വർലോകം കണ്ട അവസ്ഥയിലായി.

എന്റെ വേദന പതിയെ മരവിപ്പായി. കണ്ടുനിന്നവർക്കാണ് അതിലും വലിയ വേദനയുണ്ടായത്. ഞാൻ ഇതിനിടയിൽ സർവ്വീസ് സ്റ്റേഷനിലേക്കു വിളിച്ചു. അവർ വരാമെന്നു പറഞ്ഞതല്ലാതെ വന്നില്ല. ഒടുവിൽ എന്റെ ദാരുണാവസ്ഥ കണ്ടു നിന്ന ആരോ ഗ്ലാസ് പൊട്ടിച്ച് വണ്ടിയിൽകയറി താക്കോലെടുത്തു. പക്ഷെ, എന്നിട്ടും രക്ഷയുണ്ടായില്ല. ഓട്ടോമാറ്റിക് സിസ്റ്റംമൂലം സകലതും സ്റ്റക്കായിരിക്കുകയാണ്. ഈ സമയത്ത് അവിടെ മറ്റൊരു പരിപാടിക്കുവന്ന വെറ്റിനറി വകുപ്പിലെ ഉദ്യോഗസ്ഥനാണ് ദേവദൂതനായത്. അദ്ദേഹം ഫയർഫോഴ്സിൽ വിളിച്ചു. അവരെത്തി ഒരുപകരണം ഡോറിൽ പിടിപ്പിച്ചു. അപകടാവസ്ഥകളിൽ കതകുകളും മറ്റും തുറക്കാൻ ഉപയോഗിക്കുന്ന ആ ഉപകരണം ഫിറ്റു ചെയ്തതോടെ ഡോർ മാറി. ഒരു ഞൊടിയിൽ ഡോർ മാറിയതോടെ ഞാൻ കൈ പുറത്തെടുത്തു. വിരലുകൾ ചതഞ്ഞും അസ്ഥി ഒടിഞ്ഞും കൈ വല്ലാതെ മരവിച്ചിരുന്നു.

കാർ പോർച്ച് പണിയുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ശങ്കർ എഴുതുന്നു. അടുത്തലക്കം

Pulickan's
**airhorn**

# ഉമ്മന്മാർക്കൊരു സങ്കട ഹർജി

ഇത് ഒരു സങ്കട ഹർജിയാണ്. ഭരണത്തിലിരിക്കുന്ന ഉമ്മൻമാർക്കും ഭരിക്കാനിരിക്കുന്ന തൊമ്മന്മാർക്കുമായി ഇഷ്ടൻ മുഖ്യമന്ത്രിക്കെഴുതുന്ന സങ്കട ഹർജി.

*എത്രയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയുന്നതിന്,* ഇ.എം.എസിനേക്കാൾ എസ്.എം.എസ് ആദരിക്കപ്പെടുകയും ഇ.കെ.നായനാർ എന്നതിനു പകരം '9ആർ' എന്ന ചുരുക്കെഴുത്ത് ആഘോഷിക്കപ്പെടുകയും ചെയ്യുന്ന ഇക്കാലത്ത് ആരും ഇത്തരത്തിലൊരു കത്തെഴുതാറില്ലെന്നും എഴുതിയാൽ തന്നെ ആരും വായിക്കാറില്ലെന്നും ഇഷ്ടനറിയാം. മുഴുവൻ അല്ലെങ്കിലും പകുതിയെങ്കിലും വായിക്കുമല്ലോ എന്നോർത്ത് ഈ കത്തുമായി താങ്കളുടെ ബഹുജന സമ്പർക്ക പരിപാടിക്ക് വരാമെന്നു വച്ചാൽ അവിടുത്തെ കുത്തു കൊള്ളാനും തള്ളാനുമുള്ളത്ര കരുത്ത് ഇഷ്ടനില്ല. മാത്രമല്ല സമ്പർക്കത്തിൽ വെച്ച് തീരുമാനമെടുക്കാവുന്ന ഒരു സംഗതിയല്ല ഈ കത്തിന്റെ ഉള്ളടക്കം.

നിത്യേന കാണുന്ന ഒരു വാർത്തയിലേക്കാണ് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നത്- അപകടത്തിൽ പെട്ടയാൾ വഴിയിൽ കിടന്ന് ചോര വാർന്നു മരിച്ചു. അപകടത്തിനു ശേഷം നിരവധിപേർ ആ വഴി കടന്നു പോയെങ്കിലും ആരും രക്ഷിക്കാൻ തയ്യാറായില്ല. പാതയോരങ്ങളിൽ പാതിരാത്രിയിലും പകൽവെളിച്ചത്തിലും ഇത് സംഭവിച്ചു കൊണ്ടിരിക്കുന്നു. പണ്ട് 'എവിടേം മാക്രി, ഇന്ന് എവിടേം ആക്രി' എന്നൊരു യുവ എഴുത്തുകാരൻ എഴുതി. എന്നാൽ, ആക്രി സാധനത്തിന്റെ വിലപോലും മനുഷ്യനില്ലാതായിരിക്കുന്നു. ആക്രി പോലും മടി കൂടാതെ പെറുക്കാനും വിലതന്ന് എടുത്തു കൊണ്ടു പോകാനും ആളുണ്ടല്ലോ. തിരക്കിലായിരിക്കുന്നതുകൊണ്ടോ, വേണ്ടെന്നു വച്ചിട്ടോ ഒന്നുമല്ല സാർ, പേടിച്ചിട്ടാണ്, ശരിക്കും പേടിച്ചിട്ടാണ്, അപകടമുണ്ടായാൽ ആരും അടുക്കാത്തത്. ഒരുത്തനെ രക്ഷിക്കുന്നതിന്റെ പേരിൽ ഘടാഘടിയൻമാരായ നമ്മുടെ പോലീസും പട്ടാളവുമൊക്കെക്കൂടി ഉണ്ടാക്കുന്ന വിരട്ടും പിരട്ടും പേടിച്ചിട്ടു തന്നെ. ഇനി, ആരെങ്കിലും ആശുപത്രിയിൽ എത്തിച്ചേക്കാം എന്നു കരുതിയാലും രക്ഷയില്ല. എത്ര കൈകൊട്ടിയാലും, അതുവഴി പോകുന്ന വാഹനങ്ങൾ ഇതൊന്നും കണ്ടില്ലെന്നു കരുതി കടന്നു കളയും. അതിനും കാരണം ഈ പോലീസ് പേടി തന്നെ. എന്തിനു വെറുതെ പുലിവാലു പിടിക്കുന്നു!

അതുകൊണ്ട്, അപകടത്തിന്റെ ദൃക്സാക്ഷികളെയും അപകടത്തിൽപെട്ടയാളെ ആശുപത്രിയിലാക്കുന്നവരെയും കേസിൽ പെടുത്തി പെടാപ്പാടു പെടുത്തുന്ന പരിപാടി അവസാനിപ്പിക്കാൻ താങ്കൾ മുൻകൈ എടുക്കണം. അപകടത്തിൽ അകപ്പെട്ട് ജീവിതത്തിന് വേണ്ടി നിലവിളിക്കുന്നവനെ ആശുപത്രിയിലെത്തിച്ചു എന്ന പേരിൽ മറ്റൊരുവന്റെ ജീവിതം അതിലും വലിയ അകടത്തിലാക്കരുതെന്ന് പോലീസ് ഏമാന്മാരോട് കൽപിക്കണം. എന്നെങ്കിലും അപകടത്തിൽപ്പെട്ട ഒരാളെ രക്ഷിച്ചാൽ പിന്നെ അതൊരിക്കലും ആവർത്തിക്കാൻ ഒരുവൻ തയ്യാറാകാത്ത അവസ്ഥയാണ് ഇന്ന് നമ്മുടെ നാട്ടിലുള്ളത്- സ്വന്തം ബന്ധു വഴിയിൽ കിടന്നാൽ പോലും തിരിഞ്ഞു നോക്കാത്ത അവസ്ഥ. ഇക്കാര്യത്തിൽ പോലീസിനു നിർദ്ദേശം നൽകാം എന്ന പതിവു പ്രസ്താവന കൊണ്ടു തീരുന്നതല്ല ഈ പ്രശ്നം എന്ന് താങ്കൾ മനസ്സിലാക്കണം. വ്യക്തമായ, പൊതുജനങ്ങൾക്ക് കൂടി ബോധ്യമാകും വിധത്തിലുള്ള പരസ്യമായ ഉത്തരവാണ് ഉണ്ടാകേണ്ടത്. എന്നാലേ, ജനങ്ങൾക്ക് ആത്മവിശ്വാസമുണ്ടാകൂ. ഇല്ലെങ്കിൽ ആർക്കും വേണ്ടാതെ വഴിയോരങ്ങളിൽ നമ്മൾ രക്തം വാർന്ന് ഇങ്ങനെ മരിച്ചു കൊണ്ടേയിരിക്കും. ഉചിതമായ ഒരു തീരുമാനം ഉടനുണ്ടാകും എന്ന് പ്രതീക്ഷിച്ചു കൊണ്ടും ഈയൊരു ചെറിയ കത്തിന്റെ പേരിൽ നിയമസഭയിൽ കൈയാങ്കളിയും കഞ്ഞിവെച്ചു കിടപ്പും അലറി കരച്ചിലും ഒന്നും ഉണ്ടാകരുതേ എന്ന് കേണപേക്ഷിച്ചു കൊണ്ടും കത്ത് ചുരുക്കുന്നു-

*എന്ന് സ്വന്തം ഇഷ്ടൻ, പരശുരാമപുരം*



പോലാപോലാ- റോഡപകടം കണ്ടുനിന്ന ഒരു **ആക്ടിവിസ്റ്റ്**, സ്ഥലത്തെത്തിയ **ഡോക്ടറോട്** പറഞ്ഞു- അപകടത്തിൽ പെട്ടവരെ ആരും തിരിഞ്ഞു നോക്കുന്നില്ല. സർ, എത്ര നിർവികാരമീ പുതുതാം തലമുറ. **ഡോക്ടർ**- നിങ്ങൾ ആ സമയത്ത് എന്തു ചെയ്യുകയായിരുന്നു.
**ആക്ടിവിസ്റ്റ്**- ഞാനവരെ നിരീക്ഷിച്ചു കൊണ്ടിരിക്കുകയായിരുന്നു.

ജോർജ് പുളിക്കൻ
georgepulickan@gmail.com